
Monthly Price Rs. [illegible]/-

# ബൈബിൾ ദൂത്



രക്ഷ

# ദൈവത്തിന്റെ രക്ഷാ ബന്ധം

ഇതിൽ ഏതാണ് ആവശ്യമില്ലാത്തത്?

| | | |
|---|---|---|
| നമ്മുടെ രക്ഷിതാവ് ദൈവം | – | 1 തിമൊഥെയൊസ് 4:10; യെശയ്യാവ് 12:2; റോമർ 6:23 |
| ക്രിസ്തു യേശു രക്ഷിക്കുന്നു | – | മത്തായി 1:21; എബ്രായർ 5:8–9; തീത്തൊസ് 2:11; റോമർ 3:24 |
| പരിശുദ്ധാത്മാവു നമ്മെ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 6:11; യോഹന്നാൻ 14:26; 16:7–13 |
| ക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷിക്കുന്നു | – | റോമർ 5:8,9; എബ്രായർ 9:22; എഫെസ്യർ 1:7 |
| അവന്റെ നാമത്തിലാണ് രക്ഷ | – | പ്രവൃത്തികൾ 4:12; 10:43; യോഹന്നാൻ 20:30–31 |
| സുവിശേഷത്താൽ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 15:1–4; റോമർ 1:16; യാക്കൊബ് 1:21 |
| വിശ്വാസത്താൽ രക്ഷ വരുന്നു | – | എബ്രായർ 11:6; റോമർ 3:16; പ്രവൃത്തികൾ 16:31 |
| മാനസ്സാന്തരത്തിലൂടെ രക്ഷ | – | ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 11:18 |
| രക്ഷ സ്നാനം മുഖാന്തരം ലഭിക്കുന്നു | – | 1 പത്രൊസ് 3:21; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38 |

നഷ്ടപ്പെട്ട ആത്മാവ്

**ഇതിനേക്കാൾ ശക്തമായ മറ്റൊരു ബന്ധം രക്ഷക്കില്ല.**

# THE BIBLE TRUTH

Editors

P.K. VARGHESE J.C. CHOATE

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 20 August 2007 No.5


## എഡിറ്റോറിയൽ

ബാല്യത്തിലും യുവത്വത്തിലും വാർദ്ധക്യത്തിലും പൊതുവായി മനുഷ്യരിൽ കണ്ടുവരുന്ന ആപൽക്കരമായ ഒന്നാണ് മാനസിക സംഘർഷം. പല കാരണങ്ങൾ കൊണ്ടാണ് ഈ പിരിമുറുക്കം ആളുകളിൽ ഉണ്ടാകുന്നത്. ലോല മനസ്ക്കരിലാണ് ഇതു കൂടുതലായി കാണുന്നത് എന്ന് അഭിപ്രായക്കാരുണ്ട് അങ്ങനെയല്ല, മിക്കവാറും എല്ലാവരിലും ഇതു കാണുന്നുണ്ട്. പക്ഷെ ചിലരിൽ അതു ബാഹ്യമായി ദൃശ്യവും മറ്റു ചിലരിൽ അതു ആന്തരികമായി അടക്കിവെക്കുകയും ചെയ്യുന്നു എന്നതാണ് ശരി. ജീവിതത്തിൽ അഭിമുഖീകരിക്കുന്ന സംഭവങ്ങൾ പ്രതികൂലമായി മാറുമ്പോഴാണ് ഈ ഒരവസ്ഥ ഉണ്ടാകുന്നത്. തിരിച്ചറിവിന്റെ പ്രായം മുതൽ മരണത്തോളം ഇതു മനസിൽ നിലനില്ക്കുകയാണ്. ഏറ്റക്കുറച്ചിലുകൾ ഓരോരുത്തരിലും വിഭിന്നമായിരിക്കും.

ഒരാൾ വളരുന്ന പശ്ചാത്തലം മനസ്സിനെ ബാധിക്കും മാതാപിതാക്കൾക്കൊപ്പം വളർന്നുകൊണ്ടിരിക്കുന്ന കുട്ടികൾക്കു ലഭിക്കുന്ന സാഹചര്യങ്ങൾ എങ്ങനെയുള്ളതാണ് എന്നതിനെ ആസ്പദമാക്കിയാണ് അവരുടെ മാനസികാവസ്ഥ വളരുന്നത്. ഭയം മൂലം ചില കുട്ടികൾ അവരുടെ മനസിനെ അപകർഷതാ ബോധത്തിൽ ഒതുക്കി നിർത്തുന്നു. ഏതെങ്കിലും പ്രതികൂല സാഹചര്യത്തെയോ അനിഷ്ട പ്രവർത്തിയെയോ എതിർക്കാൻ കഴിയാത്തതിലുള്ള ദു:ഖം നിമിത്തം മനസ് സംഘർഷത്തിലാകും. താൻ ആഗ്രഹിക്കുന്ന സ്ഥാനത്തു എത്താൻ കഴിയുന്നില്ലല്ലൊ എന്ന നിരാശയും മനസിനെ അലട്ടിക്കൊണ്ടിരിക്കും. പരസ്പരം

ബന്ധപ്പെട്ടുകൊണ്ടുള്ള ജീവിതമാണല്ലോ മനുഷ്യരുടേത്. എല്ലാവരിൽ നിന്നും നല്ലതു മാത്രം പ്രതീക്ഷിക്കുന്നവർ അതു ലഭിക്കാതെ വരുമ്പോൾ അവർ വേവലാധി പൂണ്ടു കഴിയുന്നു. ചില കാര്യങ്ങൾ ചിലർക്കു നിസാരമായി തോന്നും. ഓരോരുത്തരുടെ വിവേചന ശക്തിയും വിഭിന്നമായിരിക്കും. ഏതെല്ലാം കാരണങ്ങൾ കൊണ്ടായാലും ശരി ഈ പ്രവണത നമ്മുടെ ക്രിയാത്മക ശേഷിയെ ബാധിക്കും.

പരിഹാരം എന്താണ്? ദൈവത്തിൽ മനസിനെ സമർപ്പിച്ചാൽ മാത്രം നമുക്ക് ധൈര്യവും ഉത്തേജനവും ലഭിക്കും. അതോടൊപ്പം ആത്മവിശ്വാസം ലഭിക്കത്തക്ക രീതിയിൽ ദൈവിക പാതയിൽ ചലിക്കണം. മറ്റുള്ളവരുടെ ഉപദ്രവങ്ങൾ സഹിക്കുവാനുള്ള മാനസികമായ ശക്തി ദൈവവചനത്തിൽ കൂടെ ലഭിക്കും. അമിതമായ പ്രതീക്ഷ ആരിൽ നിന്നും വേണ്ട എന്ന പ്രബോധനവും നമ്മെ സമാധാനിപ്പിക്കും. മനസിനെ സ്വസ്ഥമായി നിലനിർത്തുവാൻ പാപമില്ലാത്ത വഴി മാത്രമാണ് സൂക്ഷിക്കേണ്ടത്. ദൈവ കല്പനകൾ പ്രമാണിച്ച് ജീവിക്കുന്ന ആത്മാർത്ഥതയുള്ള ഏതൊരു വ്യക്തിക്കും തന്റെ മനസ്സിനെ ധൈര്യത്തോടെ ഉറപ്പിക്കാൻ സാധിക്കും. അല്ലാത്തവർ തളർന്നു രോഗ ബാധിതരാകുകയോ ജീവിതം തന്നെ ഇല്ലാതാക്കുകയോ ചെയ്യുന്നു. ഇതൊഴിവാക്കുവാൻ നമ്മെ സ്നേഹിക്കുന്ന നമ്മുടെ പിതാവു അരുളിച്ചെയ്തിരിക്കുന്ന പ്രമാണങ്ങളെ രാപ്പകൽ ധ്യാനിച്ച് വിഷമ സന്ധികളെ തരണം ചെയ്യുക. ആദ്യം ദൈവത്തെ സ്നേഹിച്ചു അവന്റെ രക്ഷാമാർഗ്ഗം അനുസരിക്കുക. നിങ്ങളുടെ മാനസിക സംഘർഷവും ക്ലേശവും അകറ്റുക. ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആർ?

## ദുരുപദേശത്തെ സൂക്ഷിക്കുക

**ജെ. സി. ചോട്ട്**

ബൈബിൾ ആകുന്ന ദൈവ വചനം മുഖാന്തരം ദൈവം തന്റെ ഇഷ്ടം നമുക്ക് വെളിപ്പെടുത്തി തന്നു (എബ്രായർ 1:1–2). നാം അറിയേണ്ടതു അറിയുവാനും രക്ഷിക്കപ്പെടുവാനും നിത്യജീവൻ പ്രാപിക്കുവാനും വേണ്ടതെല്ലാം വെളിപ്പെടുത്തിയിട്ടുണ്ട് (എബ്രായർ

2:1-2). തിരുവെഴുത്തുകൾ എല്ലാം ദൈവശ്വാസീയവും സൽപ്രവൃത്തികളിൽ നമ്മെ തികഞ്ഞവരാക്കുവാൻ പൂർണ്ണവുമാണ് (2 തിമൊഥെയോസ് 3:16-17). ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുകയില്ല എന്നും കർത്താവ് അരുളിച്ചെയ്തു (യോഹന്നാൻ 14:6). സത്യം നിങ്ങൾ അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നും കർത്താവു പറഞ്ഞു (യോഹന്നാൻ 8:32).

ഈ സത്യമെല്ലാം ദൈവം തന്റെ വചനത്തിൽ രേഖപ്പെടുത്തിയിട്ടും വീണ്ടും വീണ്ടും ദുരുപദേശത്തെ സൂക്ഷിക്കുവാൻ നമ്മോടു മുന്നറിയിച്ചിട്ടുണ്ട് (2 പത്രൊസ് 2:1; 1 യോഹന്നാൻ 4:1). ഈ അനുശാസനം നാം വഞ്ചിക്കപ്പെടാതിരിക്കുവാനാണ് (റോമർ 16:17-18 യാക്കോബ് 1:22). ഈ മുന്നറിയിപ്പുകൾ നല്കിയിട്ടുപോലും ഇന്നു അനേകം ആളുകൾ മതപരമായി വഞ്ചിക്കപ്പെട്ടിരിക്കയാണ്. എങ്ങനെയാണ് ആളുകൾ വഞ്ചിക്കപ്പെട്ടിരിക്കുന്നത് എന്നു നാം അറിഞ്ഞിരിക്കണം. അല്ലെങ്കിൽ നാമും തെറ്റായി നയിക്കപ്പെടും.

1. ഏദെൻ തോട്ടത്തിന്റെ നടുവിൽ നിന്നിരുന്ന നന്മ തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നു ദൈവം വിലക്കിയിരുന്നു. പക്ഷെ ഭോഷ്ക്ക് വിശ്വസിച്ചതുകൊണ്ടു അവർ പാപം ചെയ്തു. ആ വൃക്ഷ ഫലം തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്നു ദൈവം കല്പിച്ചിരുന്നു. എന്നാൽ സർപ്പത്തിന്റെ രൂപത്തിൽ വന്ന സാത്താൻ ഹവ്വയോടു പറഞ്ഞതു: നീ ആ വൃക്ഷ ഫലം തിന്നാൽ നിന്റെ കണ്ണു തുറക്കും നീ ദൈവത്തെ പോലെ ആകും എന്നായിരുന്നു. അവൾ സാത്താന്റെ വാക്കു വിശ്വസിച്ചു ഫലം പറിച്ചു തിന്നു; ഭർത്താവിനും കൊടുത്തു; അവനും തിന്നു (ഉല്പത്തി 2ഉം 3ഉം അദ്ധ്യായങ്ങൾ). ആ ദിവസം തന്നെ അവർ ആത്മിയമായി മരിച്ചു. ജീവ വൃക്ഷത്തിന്റെ ഫലം തിന്നാൻ സാധിക്കാത്ത കാലത്തോളം അവർ ഭൗതികമായും മരിക്കേണ്ടി വന്നു. അവരുടെ പാപത്തിന്റെ ഫലങ്ങൾ വേറെയും അവർ അനുഭവിക്കേണ്ടി വന്നു.

2. ഒരു വ്യക്തിയുടെയോ, സമുദായത്തിന്റെ മുഴുവനായോ ഉണ്ടാകുന്ന സ്വാധീന ശക്തിയാൽ ഒരാൾ വഞ്ചിക്കപ്പെടാം. വിലക്കപ്പെട്ട ഫലം തിന്നുവാൻ ആദാമിനെ പ്രേരിപ്പിച്ചത്

ഹവ്വയായിരുന്നു (ഉല്പത്തി 3:7). ജനക്കൂട്ടം എവിടെയാണ് പോകുന്നത് എന്നു നോക്കി അവരുടെ കൂടെ ചലിക്കുന്നവർ ഉണ്ട്. ഏറ്റവും വലിയ നാമധേയ വിഭാഗം നോക്കി അതിൽ അംഗത്വം സ്വീകരിച്ച് അഭിമാനം കണ്ടെത്തുന്നവർ ഉണ്ട്. ബഹുജന പക്ഷം ചേർന്നു നാം ദോഷം പ്രവർത്തിച്ചുകൂടാ. യേശുക്രിസ്തു പറഞ്ഞു, നാശത്തിലേക്കു പോകുന്നവർ അനവധിയാണ് എന്ന്. വിശാലമായ വഴി കണ്ടെത്തുന്നവരാണ് ഇങ്ങനെയുള്ളവർ.

3. മാനുഷിക വിവേചനത്താൽ ധാരാളം പേർ വഞ്ചിതരാകുന്നുണ്ട്. അവർക്ക് എന്ത് ഇഷ്ടമോ അതു ചെയ്യുന്നു. കാരണം അതിൽ തെറ്റില്ലെന്നും അതു മാത്രമാണ് ശരിയെന്നും ആണ് അവരുടെ തോന്നൽ. ക്രിസ്ത്യാനികളെ അവസാനം ദൈവം തന്റെ കൃപയാലാണ് രക്ഷിക്കുന്നതെന്നു ന്യായവാദം നടത്തുന്നവർ ഉണ്ട്. ബലഹീനതയെ ന്യായീകരിക്കയാണ് അവർ ചെയ്യുന്നത്. നാമധേയ വിഭാഗത്തിൽ പെടുന്നവരും ബലഹീനരാണ്. അതുകൊണ്ടു ദൈവം അവസാനം അവരേയും രക്ഷിക്കും എന്നു കരുതുന്നവരുണ്ട്. ദൈവത്തിന്റെ കൃപയാണ് നമ്മെ രക്ഷിക്കുന്നത് എന്നതു വാസ്തവമാണ്. എന്നാൽ ദൈവത്തിന്റെ ഭവനത്തിലേക്ക് വീണ്ടും ജനിക്കാത്തവരെ ദൈവത്തിന്റെ കൃപ രക്ഷിക്കയില്ല. കർത്താവു ചെയ്യാൻ പറഞ്ഞ കാര്യങ്ങളെ നിരസിച്ചുകൊണ്ടു കൃപ രക്ഷിക്കും എന്നതു വാസ്തവ വിരുദ്ധമാണ്. സുവിശേഷം കേട്ടു കൊണ്ടാണ് വിശ്വസിക്കുന്നത് (മർക്കൊസ് 16:15-16). അങ്ങനെ കർത്താവിന്റെ സഭയാകുന്ന ഭവനത്തിൽ അംഗമായി തീരണം (മത്തായി 16:18; പ്രവൃത്തി 2:47). അവന്റെ നാമം ധരിച്ചു അവനെ സത്യത്തിലും ആത്മാവിലും ആരാധിച്ച് മരണത്തോളം വിശ്വസ്തമായ ക്രിസ്തീയ ജീവിതം നയിക്കണം (പ്രവൃത്തി 14:12; വെളിപ്പാട് 2:10). എന്നാൽ ദൈവ ഭവനത്തിലേക്കു ജനിക്കപ്പെടാതിരിക്കുന്നവർക്കു ദൈവ കൃപ ലഭിക്കുന്നില്ല.

4. ഉപദേഷ്ടാവിന്റെ പ്രസിദ്ധി നിമിത്തം വഞ്ചിക്കപ്പെടുന്നവർ ഉണ്ട്. അയാൾക്കു തന്നിൽ തന്നെ ഒരു ആകർഷണീയത ഉണ്ടാകും. അയാൾ പറയുന്നതെന്തും കേൾക്കാൻ രസമുണ്ട്. അവർ അയാളെ പൂർണ്ണമായി വിശ്വസിക്കുന്നു: അദ്ദേഹം പറയുന്നതു ബൈബിളിനു കടക വിരുദ്ധമായാലും അവർക്കു വിരോധമില്ല. അവർ അയാളെ

പിന്തുടരും (1 കൊരിന്ത്യർ 1:10-17). പൗലൊസിനെയും അപ്പല്ലോസിനേയും പത്രൊസിനെയും മഹത്വം കൊടുത്ത് പിൻ പറ്റുന്നതിനെ പൗലൊസ് ഖണ്ഡിക്കുകയുണ്ടായി. യേശു ക്രിസ്തുവിനെ മാത്രമെ ആശ്രയിക്കാവു എന്നാണ് പറഞ്ഞത്. കാരണം അവനാണ് നമുക്കു വേണ്ടി മരിച്ചത്.

5. തെറ്റായ വാഗ്ദാനങ്ങൾ നിമിത്തം വഞ്ചിക്കപ്പെടുന്നവർ ഉണ്ട്. അവർ വിശ്വസിച്ചിരിക്കുന്നത് അവർക്കു, പരിശുദ്ധാത്മ സ്നാനം ലഭിക്കുമെന്നും അത്ഭുതം ചെയ്യുവാൻ കഴിയുമെന്നും അന്യഭാഷകളിൽ സംസാരിക്കാൻ കഴിയുമെന്നും ആണ്. ആ വാഗ്ദാനങ്ങൾ അപ്പൊസ്തലന്മാർക്കു മാത്രമായിരുന്നു എന്നും അല്ലാതെ സാധാരണക്കാർക്കല്ല എന്നും അവർ മനസിലാക്കുന്നില്ല (യോഹന്നാൻ 15:26-27). ഉയിർത്തെഴുന്നേറ്റ ക്രിസ്തു സ്വർഗ്ഗാരോഹണത്തിനു മുൻപ് ശിഷ്യന്മാരോടു പറഞ്ഞു: എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു (പ്രവൃത്തി 1:8). ഇപ്പോൾ പ്രവൃത്തികളുടെ പുസ്തകം നിങ്ങൾ തന്നെ വായിച്ച് ആർക്കായിരുന്നു ആ വാഗ്ദാനമെന്നും ആരാണ് അവയെല്ലാം ചെയ്തിരുന്നതെന്നും തിരിച്ചറിയുക, കർത്താവ് വാഗ്ദാനം ചെയ്യാത്തവർ അതു സ്വീകരിക്കും എന്നു തെറ്റിദ്ധരിച്ചിരിക്കയാണെങ്കിൽ വഞ്ചിതരായിരിക്കയാണ്. ഒരിക്കലും നിങ്ങൾ വഞ്ചിക്കപ്പെടരുത്.

6. തെറ്റായ മതാചാരങ്ങൾ പഠിപ്പിക്കുന്ന മാതാപിതാക്കളുടെ സംരക്ഷണയിൽ വളരുന്ന കുട്ടികൾ ഇപ്രകാരം വഞ്ചിക്കപ്പെട്ടിരിക്കയാണ്. നാം മാതാപിതാക്കളെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യണം. പക്ഷെ അവരുടെ തെറ്റുകൾ ഒരിക്കലും അനുകരിക്കരുത്. അതുകൊണ്ട് തിരുവെഴുത്തുകൾ വായിച്ച് സത്യം മനസിലാക്കണം.

7. ലോകം, ബഹുഭൂരിപക്ഷത്തെയും ഭൗതിക മേന്മയാലും ലൗകിക ഭോഗത്താലും വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തെയും ലോകത്തിലുള്ളതിനെയും നാം സ്നേഹിക്കരുത് എന്ന് യോഹന്നാൻ നമ്മെ മുന്നറിയിച്ചിരിക്കുന്നു. നാം ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം നമ്മിൽ ഇല്ല (1 യോഹന്നാൻ 2:15-17).

## നിങ്ങൾ എന്തുകൊണ്ടു പ്രാർത്ഥിക്കണം?

### ഡേവിഡ് തർമാൻ

ഒരു ഹോട്ടലിൽ ഒരമ്മയും മകനും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. തൊട്ടടുത്തിരുന്ന പ്രായമുള്ള ഒരാളെ ചൂണ്ടിക്കാട്ടി മകൻ അമ്മയോടു പറഞ്ഞു: "അയാളെ നോക്കുക." ആ ബാലനു പ്രാർത്ഥന എന്താണെന്നു അറിഞ്ഞുകൂടാ. വാസ്തവത്തിൽ അയാൾ ഭക്ഷണത്തിനു മുൻപ് ദൈവത്തിനു നന്ദി പ്രകാശിപ്പിക്കയായിരുന്നു. മുതിർന്നവർക്കുപോലും പ്രാർത്ഥനയുടെ ആവശ്യകത അറിഞ്ഞുകൂടാത്ത സ്ഥിതിയാണ് ഇന്നുള്ളത്.

നമ്മുടെ ലോകം ഇന്നു ഭൗതിക ജീവിതത്തിലേക്കു മാത്രമായി ചുരുങ്ങി വരുന്നതുകൊണ്ടു മതപരമായ കാര്യങ്ങളും പ്രാർത്ഥനയും മറ്റും പഴഞ്ചനായി ആളുകൾ കരുതുന്നു. സ്വർഗ്ഗത്തിന്റെ കവാടം നമ്മുടെ പ്രാർത്ഥനകൊണ്ട് തുറക്കുമോ എന്നു സംശയിക്കുന്നവർ ഉണ്ട്. അവിശ്വാസികൾക്കാണെങ്കിൽ സർവ്വശക്തനിൽ വിശ്വാസം അർപ്പിക്കുക എന്നതു ചിന്തിക്കാൻ പോലും പ്രയാസമാണ്. പ്രാർത്ഥിക്കണമെന്നതിനു നല്ല കാരണങ്ങൾ ഉണ്ട്. നമ്മുടെ ജീവിതത്തിൽ പ്രാർത്ഥന വലിയൊരു പങ്കുവഹിക്കുന്നുണ്ട്. നിങ്ങൾ എന്തുകൊണ്ടു പ്രാർത്ഥിക്കണം?

### കാരണം പ്രാർത്ഥന നമ്മെ എളിമപ്പെടുത്തുന്നു

നാം എത്രമാത്രം ബലഹീനരും പരാശ്രിതരും ആണെന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ പ്രയാസമാണെന്നു തോന്നുന്നു. കാരണം നാം വീട്ടിൽ ഉപയോഗിക്കുന്ന മിക്കവാറും വസ്തുക്കൾ മറ്റൊന്നിൽ ആശ്രയിച്ചു പ്രവർത്തിക്കുന്നവരാണ്. നാം കടയിൽ നിന്നു സാധനങ്ങൾ വാങ്ങിക്കൊണ്ടു വന്നാൽ അതു പാചകം ചെയ്യാൻ ഇന്ധനത്തിന്റെ ആവശ്യമുണ്ട്. വണ്ടി

ഉപയോഗിക്കണമെങ്കിൽ ഇന്ധനം ആവശ്യമാണ്. ജോലി ചെയ്യുന്നവർക്കു ശമ്പളം കൊടുക്കണം. യാത്രക്കു നാം വാഹനങ്ങളെ ആശ്രയിക്കുന്നു. വൈദ്യുതിക്കു നാം വെള്ളത്തേയും താപത്തേയും ആശ്രയിക്കുന്നു. വിദ്യാഭ്യാസത്തിനു കുട്ടികൾ അദ്ധ്യാപകരെ ആശ്രയിക്കുന്നു. ചുരുക്കി പറഞ്ഞാൽ ആർക്കും ഏകമായി മറ്റാരെയും മറ്റൊന്നിനെയും ആശ്രയിക്കാതെ ജീവിക്കാൻ പ്രയാസം തന്നെയാണ്. ഈ യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. ആർക്കും സ്വയം പര്യാപ്ത പദവിയിൽ എത്തി ജീവിക്കാമെന്നു മോഹിക്കേണ്ട.

ഈ വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്ന ഒന്നാണ് പ്രാർത്ഥന. യേശുക്രിസ്തു പറഞ്ഞതുപോലെ നാം അധികം പ്രാർത്ഥിക്കുന്തോറും നാം ദൈവത്തിൽ കൂടുതൽ ആശ്രയിക്കേണ്ട ആവശ്യകതയും ഉണർത്തുന്നു. യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചപ്പോൾ പറഞ്ഞതു സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപോലെ ഭൂമിയിലും ആകേണമേ, ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കേണമേ, ഞങ്ങൾക്കു കടം പെട്ടിരിക്കുന്ന ഏവനോടും ഞങ്ങളും ക്ഷമിക്കുന്നു, ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ (ലൂക്കൊസ് 11; 2-4).

✶

## തെറ്റായ ഉദ്ദേശങ്ങൾക്കായി ക്രിസ്ത്യാനി ആകൽ

### ഫ്രാൻസിസ് ഡേവിഡ്

യേശുക്രിസ്തു ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ പല രീതിയിൽ ജനക്കൂട്ടത്തെ സഹായിച്ചിട്ടുണ്ട്. അയ്യായിരം പേരെ ആഹാരം കൊടുത്തു പോഷിപ്പിച്ചു. അത്ഭുതകരമായിട്ടാണ് അവൻ അതു ചെയ്തത്. സമൂഹത്തിൽ രോഗവും ദീനവും വ്യാധിയും മൂലം കഷ്ടം അനുഭവിച്ചവരെ അവൻ സൗഖ്യമാക്കി അതു മറ്റാർക്കും കഴിയാത്ത വിധത്തിലാണ് ചെയ്തത് (യോഹന്നാൻ 6:26). ചിലർക്കു

കാഴ്ച്ച തിരിച്ചു കിട്ടി, കാലുകളുടെ വൈകല്യം മാറ്റി. അവരുടെ ശരീരാവയവങ്ങൾ സാധാരണ മനുഷ്യന്റേതിനു തുല്യമാക്കി കൊടുത്തു. യേശുക്രിസ്തു ഇങ്ങനെ എല്ലാം ചെയ്തതു കേട്ടവർ എല്ലാം ഭൗതികമായ സഹായത്തിനായി യേശുവിന്റെ അടുക്കൽ എത്തി. ഇന്നും ലോകത്തിൽ ഇങ്ങനെ ചിന്തിക്കുന്നവർ ചുരുക്കമല്ല. അതുകൊണ്ടു ആളുകൾ രോഗികളെയും ദരിദ്രരെയും സഹായിക്കുന്നതിനായി തങ്ങളുടെ ജീവിതം ചെലവഴിക്കുന്നു. യേശുക്രിസ്തു ഈ ലോകത്തിലേക്കു വന്നതിന്റെ പ്രധാന ഉദ്ദേശം ആളുകൾ അധികവും വിട്ടുകളയുന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യ പുത്രൻ വന്നത് (ലൂക്കൊസ് 19:10). സൗജന്യമായ രക്ഷ ഏവർക്കും പ്രദാനം ചെയ്യുക എന്ന ലക്ഷ്യമായിരുന്നു ക്രിസ്തുവിന്റേത്.

ദൈവം മനുഷ്യനായി അവതരിച്ചതായിരുന്നു യേശുവിന്റെ ജീവിതം. ഈ ലോകത്തിൽ അവൻ വന്നതിന്റെ യഥാർത്ഥ കാരണം അറിഞ്ഞുകൂടാത്തവരാണ് ഭൂരിഭാഗവും. തെറ്റിദ്ധരിക്കപ്പെട്ടവരുമുണ്ട്. യേശുവിനെ പിൻ പറ്റിയാൽ ഭൗതികമായി അനുഗ്രഹിക്കപ്പെടും എന്ന ധാരണ മാത്രം വെച്ചു പുലർത്തിയ ആളുകൾ അന്നുണ്ടായിരുന്നതു പോലെ ഇന്നും ഉണ്ട്. അവർക്കു ക്രിസ്ത്യാനിത്വം എന്നതു ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ശാരീരിക സുഖസൗകര്യങ്ങളാണ്. ഇതു നമ്മുടെ രാജ്യത്തിൽ മാത്രമല്ല, മറ്റു രാജ്യങ്ങളിലും ഈ ചിന്താഗതിക്കാരുണ്ട്. ഒരാൾക്കു പരമാർത്ഥത്തിൽ ഇതുപോലുള്ള ആവശ്യങ്ങൾ ഉണ്ടെങ്കിൽ സഹായം തേടുന്നത് തെറ്റല്ല. പക്ഷെ യേശുവിൽ വിശ്വസിക്കുകയും പിൻ പറ്റുകയും ചെയ്യുന്നതു ആ ഉദ്ദേശം മനസ്സിൽ വെച്ചുകൊണ്ടാണെങ്കിൽ അതു തെറ്റു തന്നെയാണ്. ക്രിസ്ത്യാനികളായി തീരുന്നവർ ലോകത്തിൽ എവിടെയാണെങ്കിലും അവർ മറ്റുള്ളവരെ സഹായിക്കുന്നവരാണ്. "നാം അവന്റെ കൈപ്പണിയായി സൽ പ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു" (എഫെസ്യർ 2:10). ഭൗതിക സഹായം ലഭിക്കുന്നതിനു വേണ്ടി ക്രിസ്ത്യാനികളായി തീരുന്നവർ, ആ സഹായം ഇല്ലാതാകുമെന്നു കണ്ടാൽ പിൻമാറുവാനും തയ്യാറാകും. യേശു അനേകം പേരെ സഹായിച്ചിട്ടുണ്ട്. അതു അവർ ക്രിസ്ത്യാനികളായി തീരുന്നതിനുവേണ്ടിയല്ല. മറിച്ച് അവരോടുള്ള

മനസ്സലിവു പ്രകടിപ്പിച്ചതാണ്. അത് അവൻ എപ്പോഴും ചെയ്യും.

ഭൗതികമായ സഹായ വാഗ്ദാനങ്ങൾ നല്കി ആളുകളെ ക്രിസ്തുവിലേക്കു ആകർഷിക്കുവാൻ യേശു പഠിപ്പിച്ചിട്ടില്ല. അതു ദൈവത്തിന്റെ പദ്ധതിയുമല്ല. നമ്മുടെ കർത്താവു തന്റെ ശിഷ്യന്മാരോടു കല്പിച്ചത്: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ; ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം അവരെ ശിഷ്യരാക്കി കൊൾവിൻ" എന്നു പറഞ്ഞു (മത്തായി 28:18-20). മനുഷ്യരെ എന്നും അലട്ടുന്ന പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം കണ്ടെത്തുന്നതിൽ മനുഷ്യർ പരാജയപ്പെടുന്നു. അതുകൊണ്ടാണ് ആളുകൾ ശാരീരിക ആവശ്യങ്ങൾക്കായി മാത്രം നിലകൊള്ളുന്നത്. എന്നാൽ സ്ത്രീയായാലും പുരുഷനായാലും ഏതു ജാതിയായാലും മതമായാലും ആളുകൾക്ക് വേണ്ടതു ശക്തമായ മനസ്സും ആരോഗ്യകരമായ ശരീരവും ആണ്. പക്ഷെ അതിനു ദൈവാത്മാവിന്റെ സഹായം ആവശ്യമാണ്. പാപം ചെയ്യുന്ന വ്യക്തിയിൽ നിന്നു ദൈവം തന്റെ ആത്മാവിനെ എടുത്തുകളയുന്നതു കൊണ്ട് അതു ലഭ്യമല്ലാതാകുന്നു. അപ്പോൾ മുതൽ ആ വ്യക്തി കഷ്ടതയും വേദനയും ദുഃഖവും ദുരിതവും അനുഭവിക്കാൻ തുടങ്ങും. എന്തുകൊണ്ടാണ് ഇതുണ്ടായതെന്നു ജനം തിരിച്ചറിയണം. രോഗകാരണം കണ്ടു പിടിക്കാതെയുള്ള ചികിത്സ ഫലപ്രദമല്ല. ദൈവിക നിയമം ലംഘിച്ച മനുഷ്യൻ അതിൽ നിന്നു മോചനം നേടണം. അതിനാണ് ഓരോ വ്യക്തിയും ആദ്യം ശ്രമിക്കേണ്ടത്. അതിനു പകരം മറ്റൊന്നില്ല. ദൈവം ആ പദ്ധതി ലോകത്തിനു നല്കി.

സുവിശേഷം എന്നു പരക്കെ കേൾക്കുന്നതും ബൈബിൾ ഉൽഘോഷിക്കുന്നതുമായ വിഷയം ആണ് ഫലപ്രദമായ ചികിത്സ. യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ് മനുഷ്യരുടെ രക്ഷക്കു നിദാനമായി തീർന്നതു: തിരുവെഴുത്തിൽ മുൻകൂട്ടി അറിയിച്ചതനുസരിച്ചാണ് ഇതു സംഭവിച്ചത് (1 കൊരിന്ത്യർ 15:1-4). ഈ സുവിശേഷമാണ് ഏതൊരാളും ഇന്നു അനുസരിക്കേണ്ടതു പാപത്തിനുള്ള ശിക്ഷ ഒഴിവാക്കുവാൻ ദൈവശക്തിയാകുന്ന സുവിശേഷം അനുസരിക്കേണ്ടത് ആവശ്യമാണ് (റോമർ 1:16;

എബ്രായർ 5:8–9). നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു (റോമർ 10:15).

നമ്മുടെ രക്ഷകൻ ക്രിസ്തുവാണ്. അവന്റെ രക്ഷാ സന്ദേശമാണ് മനുഷ്യർക്കാവശ്യം. മനുഷ്യന്റെ ആത്മാവിനു അന്ത്യമില്ല എന്ന വസ്തുത നാം അറിയാതിരിക്കരുത്. ഒന്നുകിൽ ആത്മാവു ദൈവത്തോടു കൂടെ നിത്യതയിൽ സ്വർഗ്ഗത്തിൽ ആയിരിക്കും. അല്ലെങ്കിൽ പിശാചിനോടു കൂടെ നിത്യ ദണ്ഡനത്തിൽ ആയിരിക്കും. അനുസരിക്കുന്നവർക്കാണ് നിത്യജീവൻ ലഭിക്കുന്നത് (യോഹന്നാൻ 3:35). സുവിശേഷം അനുസരിക്കാത്തവർക്കു നിത്യ നാശമായിരിക്കും അനുഭവപ്പെടുക (2 തെസലൊനിക്യർ 1:8–10). ഭൗതികമായതെല്ലാം ഇല്ലാതാകുന്നതാണ്. നശിച്ചുപോകുന്നതു ഭൗതിക വസ്തുക്കളാണെങ്കിൽ നശിച്ചു പോകാത്ത ആത്മിയ ദാനങ്ങൾ ദൈവ കൃപയാൽ സൗജന്യമായി കിട്ടുന്നതാണ്. ദൈവത്തിന്റെ ദാനത്തെ ആരും പണം കൊടുത്തോ ഭൗതികമായതെന്തും കൊടുത്തോ വാങ്ങാമെന്നു ധരിക്കരുത്. അങ്ങനെ വിചാരിച്ചാൽ അതു ദൈവത്തിനു എതിരാണ്.

എല്ലാവരും പിന്നെ എന്താണ് ചെയ്യേണ്ടത്? ക്രിസ്തുവിന്റെ വചനം കേൾക്കുക; ക്രിസ്തുവിലും അവന്റെ ഉപദേശത്തിലും വിശ്വസിക്കുക; സ്വന്തം ആലോചനകളെയും വഴികളെയും വിട്ടുകളഞ്ഞ് ദൈവ വഴിയിലേക്കു മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുക്രിസ്തു കല്പിച്ച രീതിയിലുള്ള സ്നാനം ഏല്ക്കുക. യേശുവിനെ ദൈവപുത്രൻ എന്നു ഏറ്റു പറയുകയും വേണം. ഇത്രയും ചെയ്യുന്നവരെ കർത്താവു രക്ഷിക്കും (മർക്കൊസ് 16:16; ലൂക്കൊസ് 13:3; മത്തായി 10:32; പ്രവൃത്തി 2:47). അതുകൊണ്ടു മാത്രമായില്ല, മരണത്തോളം ദൈവ വചനപ്രകാരം ജീവിച്ച്, ദൈവത്തെ ആരാധിച്ച്, വിശ്വസ്തമായി സേവിക്കണം (വെളിപ്പാട് 2:10). ഇതോടൊപ്പം മറ്റു ആവശ്യങ്ങൾ ദൈവം നിറവേറ്റി കൊടുക്കും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (മത്തായി 6:33). പക്ഷെ അതു പൂർണ്ണമായി വിശ്വസിക്കണം.

# യേശു വേഗം വരുമോ?

## ഗൈ. എഫ് ഫെസ്റ്റർ

ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചു പുതിയ നിയമ കാലാരംഭം മുതൽ ഊഹാപോഹങ്ങൾ പലതും നടക്കുന്നുണ്ട്. കർത്താവിന്റെ വരവ് അതിശീഘ്രം ഉണ്ടാകുമെന്നു കരുതുന്നവർ ധാരാളം ഉണ്ട്. അവന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്നാണ് അവർ പറയുന്നത്. ദുരുപദേഷ്ടാക്കന്മാർക്കു ഇഷ്ടപ്പെട്ട ഒരു വിഷയമാണിത്. അവർ ഈ വിഷയത്തെ ഏതെല്ലാം വിധത്തിൽ കോട്ടിമറിച്ച് ആളുകളെ വിശ്വസിപ്പിക്കുന്നു എന്നറിയാമോ? റേഡിയോ, ടെലിവിഷൻ, മാസിക, ലഘുലേഖ തുടങ്ങിയ മാദ്ധ്യമങ്ങളെ അവർ ഇതിനായി ഉപയോഗിക്കുന്നു. ഭൂകമ്പമോ, കലാപമോ, ബോംബ് സ്ഫോടനമോ എന്തെങ്കിലും ഉണ്ടായാൽ ഉടനെ അവരുടെ പ്രചാരണം കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്നാണ്.

മത്തായി എഴുതിയ സുവിശേഷം 24-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളുടെ നിജസ്ഥിതി അറിയാതെയാണ് ആളുകൾ തെറ്റിദ്ധരിച്ചിരിക്കുന്നത്. എവിടെയെങ്കിലും കുഴപ്പങ്ങൾ സംഭവിച്ചാൽ അതിന്റെ കാര്യകാരണങ്ങളെ വിവേചിക്കാതെ ഉടനെ വിലയിരുത്തുന്നതു കർത്താവിന്റെ വരവുമായിട്ടാണ്. ദൈവ വചനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സന്ദർഭോചിതമായി മനസ്സിലാക്കണം. കർത്താവു വീണ്ടും വരും എന്ന കാര്യത്തിൽ സംശയമില്ല. നാൾ സമീപിച്ചുകൊണ്ടിരിക്കുന്നു എന്നതും വാസ്തവമാണ്. അതുകൊണ്ടു നാം അന്യോന്യം പ്രബോധിപ്പിച്ചും ദൈവ വചനം അറിയിച്ചും ആത്മികവർദ്ധനവരുത്തിയും ജീവിക്കണം (കൊലൊസ്യർ 3:16). അല്ലാതെ തെറ്റായ ആശയങ്ങളിൻമേൽ വിശ്വാസം അർപ്പിച്ച് അബദ്ധങ്ങൾ പ്രചരിപ്പിക്കുന്നവരുടെ കൂട്ടത്തിൽ നാം അകപ്പെടുകയല്ല വേണ്ടത്.

ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച് ആരോടും നമുക്കു തർക്കമില്ല. ഞാൻ അതു വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നു. ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാൾ സഭയായി കൂടിവന്നു കർത്തൃമേശയിൽ നിന്നു ഭക്ഷിക്കുമ്പോഴൊക്കെയും യേശുക്രിസ്തുവിനെ നാം സ്മരിക്കുന്നു; അവന്റെ മരണത്തെ

പ്രസ്താവിക്കുന്നു. ഉയിർത്തെഴുന്നേറ്റ യേശു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ താൻ വീണ്ടും വരുമെന്ന വാഗ്ദാനവുമുണ്ട് ആ വാഗ്ദാനം ഇന്നു നിലനില്ക്കുന്നു. ക്രിസ്തുവിന്റെ വീണ്ടും വരവെന്ന പ്രത്യാശയാണ് നമ്മെ ക്രിസ്ത്യാനിത്വത്തിൽ നിലയുറപ്പിക്കുന്നത്. യേശു ക്രിസ്തു തന്റെ ശിഷ്യന്മാർക്കു നല്കിയതായ ഉറപ്പ് ഫലപ്രദമാകും (യോഹന്നാൻ 14:1-8; എബ്രായർ 9:28; പ്രവൃത്തി 1:9-11; 1 തെസലൊനിക്യർ 4:16; 2 തെസലൊനിക്യർ 1:5-9).

ക്രിസ്തു വീണ്ടും വരുന്ന സമയം വെളിപ്പെടുത്തിയിട്ടില്ല എന്ന സത്യമായ വസ്തുത നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മരണം തീർച്ചയായിരിക്കുന്നതു പോലെ കർത്താവിന്റെ വരവും തീർച്ചയായും സംഭവിക്കും. സമയം ആർക്കും അറിഞ്ഞുകൂടാ. അതു ദൈവമാണ് തീരുമാനിക്കുന്നത്. "എപ്പോൾ എന്നു നിങ്ങൾ അറിയായ്കകൊണ്ടു സൂക്ഷിച്ചു കൊൾവിൻ: ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ" (മർക്കൊസ് 13:33). ധാരാളം കാര്യങ്ങൾ മറഞ്ഞിരിക്കുന്നുണ്ട്. അവയിൽ ഒന്നാണ് കർത്താവിന്റെ രണ്ടാം വരവ്. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമുക്കുള്ളതല്ല; അതു യഹോവയ്ക്കുള്ളതാണ് (ആവർത്തനപുസ്തകം 29:29). ആ നാളും നാഴികയും സംബന്ധിച്ചു പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല (മർക്കൊസ് 13:32). ദൈവ പുത്രനും ദൂതന്മാർക്കും അറിഞ്ഞു കൂടാത്ത കാലത്തെയും സമയത്തെയും അറിയിക്കുന്ന കള്ളപ്രവാചകന്മാർ മനുഷ്യരെ തെറ്റിച്ചു കൊണ്ടിരിക്കയാണ്, അതുകൊണ്ടു വളരെ സൂക്ഷിക്കണം.

ക്രിസ്തുവിന്റെ വരവു മുൻകൂട്ടി പ്രവചിച്ച മുൻപറഞ്ഞ എല്ലാവർക്കും തെറ്റു പറ്റി. അതിൽ അനേകം പേർ വഞ്ചിക്കപ്പെട്ടു. മുൻ കാലങ്ങളിൽ ഇങ്ങനെ അറിയിച്ചവർ എല്ലാം മൺ മറഞ്ഞുപോയി. 1843 ലും 1844 ലും കർത്താവിന്റെ വരവ് സംഭവിക്കും എന്നായിരുന്നു വില്ല്യം മില്ലറുടെ അറിയിപ്പ്. പക്ഷെ രണ്ടു സമയത്തും കർത്താവു വന്നില്ല. മിസിസ് വൈറ്റ് പ്രവചിച്ചത്, കർത്താവ് 1856 ൽ വരുമെന്നായിരുന്നു. അന്നും കർത്താവ് വന്നില്ല. മിസിസ് വൈറ്റ് പ്രവചിച്ചത്, കർത്താവ് 1856 ൽ വരുമെന്നായിരുന്നു. അന്നും കർത്താവ് വന്നില്ല. കർത്താവ് വന്നില്ലെങ്കിലും ചില പ്രത്യേക

സംഭവങ്ങൾ നടന്നാൽ അതിനെ ന്യായീകരിക്കുന്നവർ ഉണ്ട്. പക്ഷെ നാം തിരുവചനത്തെ വിശ്വസിക്കണം. മനുഷ്യരുടെ ഊഹാപോഹങ്ങളെ ഒരിക്കലും വിശ്വസിക്കരുത്.

എവിടെയെങ്കിലും രണ്ടു രാജ്യങ്ങൾ തമ്മിൽ യുദ്ധം പൊട്ടി പുറപ്പെട്ടാൽ ഉടനെ കർത്താവിന്റെ വരവ് അടുത്തിരിക്കുന്നു എന്നു പറഞ്ഞു കേൾക്കാറുണ്ട്. അങ്ങനെ ഒന്നും സംഭവിക്കുന്നില്ലെങ്കിൽ ആളുകൾ അടങ്ങിയിരിക്കും. "യുദ്ധങ്ങളെയും യുദ്ധ ശ്രുതികളെയും കുറിച്ചു കേൾക്കും. ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, അതു സംഭവിക്കേണ്ടതു തന്നെ. എന്നാൽ അതു അവസാനമല്ല (മത്തായി 24:6). ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ ഇവർ ആളുകളെ ചഞ്ചലരാക്കുകയാണ്. എന്നാൽ കർത്താവു പറഞ്ഞതു ഇതെല്ലാം സംഭവിക്കേണ്ടതാണ് എന്നത്രെ. അതിൽ നിങ്ങൾ പരിഭ്രമിക്കേണ്ട കാര്യമില്ല. അതൊന്നുമല്ല കർത്താവിന്റെ വരവും ലോകാവസാനവും. ഇതു എല്ലാവരും അറിഞ്ഞിരിക്കണം.

കർത്താവിന്റെ വരവിന്റെ സമയം പിതാവിനു മാത്രം അറിയാവുന്നതായിരിക്കെ അവന്റെ വരവിന്റെ ഉദ്ദേശം നമുക്കു പരിശോധിക്കാവുന്നതാണ്. അന്ത്യ നാളിലെ ന്യായവിധിക്കായി കർത്താവു വരുന്നു (മത്തായി 25:31-46). താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയിരിക്കുന്നു (പ്രവൃത്തി 17:31). പുതിയ നിയമ കാലയളവിലെ ജനങ്ങളോടും അതിനു ശേഷമുള്ളവരോടും നല്കിയ സന്ദേശം ഒന്നു തന്നെയാണ്. അതിനു മാറ്റമില്ല. എഴുതിയിരിക്കുന്നതിനു അപ്പുറമായി നാം ചിന്തിക്കരുത് (1 കൊരിന്ത്യർ 4:6).

2000 വർഷത്തെ എടുത്തുകൊണ്ടു രണ്ടായിരം ആണ്ടു തികയുകയില്ല എന്നു പറയുന്നവരുണ്ട്. കർത്താവ് അതിനു മുൻപ് വരുമെന്നും ലോകാവസാനം നടക്കുമെന്നുമാണ് അവരുടെ തോന്നൽ. എന്നാൽ തിരുവെഴുത്ത് അങ്ങനെ പഠിപ്പിക്കുന്നില്ല. അതെല്ലാം മനുഷ്യരുടെ പ്രചരണം മാത്രമാണ്. ദൈവ ഹിതത്തെ അറിയാത്തവരും മനുഷ്യരെ വിശ്വസിക്കുന്നവരുമാണ് ഇങ്ങനെയുള്ള വഞ്ചനയിൽ കുടുങ്ങുന്നത്. ദൈവിക

കാര്യങ്ങളെല്ലാം നാം അന്ധമായി വിശ്വസിക്കരുത്. ദൈവത്തിന്റെ അരുളപ്പാടുകളെ പരിശോധിച്ച് സ്ഥിരീകരിക്കണം. അതാണ് ഉത്തമന്മാരുടെ ലക്ഷണം.

മത്തായി 24-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പ്രവചനങ്ങൾ എ.ഡി. 70-ൽ സംഭവിച്ച കാര്യങ്ങളാണ്. അതെല്ലാം ഇനി ഉണ്ടായി കൂടെന്നില്ല. പക്ഷെ അത് അങ്ങനെ തന്നെ സംഭവിക്കുമെന്നു കരുതരുത്. എങ്ങനെയായാലും കർത്താവിന്റെ വരവ് കള്ളനെപോലെയായിരിക്കും എന്നതുകൊണ്ടു എല്ലാവരും ഒരുങ്ങിയിരിക്കുന്നതാണ് നല്ലത്. ദൈവ വചനം വിശ്വസിക്കയും മാനസാന്തരപ്പെട്ടു യേശുവിനെ ദൈവപുത്രൻ എന്നു ഏറ്റു പറയുകയും പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്താൽ നിങ്ങൾ രക്ഷിക്കപ്പെടും.

✱

## ദുഷ്ടനു സമൃദ്ധി എന്തുകൊണ്ട്?

**ജോണി രാംസെ**

പുരാതന ഗ്രീക്കു ചിന്തകന്റെ ഒരു ചൊല്ല് ഇപ്രകാരം പറയപ്പെടുന്നുണ്ട്. "ജീവിതം എന്നതു കാണികളുടെ സദസാണ്; അതിൽ ഏറ്റവും നല്ല ഇരിപ്പിടങ്ങളിൽ ഇരിക്കുന്നത് മോശമായ ആളുകളാണ്". വളരെയധികം പേർക്കു മനസിലാക്കാൻ പറ്റാത്ത ഒരു പ്രതിഭാസമാണ് മോശമായ ആളുകൾ നന്മ അനുഭവിക്കുന്നു എന്നത്. സങ്കീർത്തനക്കാരനും യിരമ്മ്യാ പ്രവാചകനും ഈ ചോദ്യം ചോദിക്കുന്നുണ്ട്. ദുഷ്ടൻ മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുന്നതെന്തുകൊണ്ട്? മറ്റു മനുഷ്യർക്കുണ്ടാകുന്ന വേദനകൾ അവർക്കുണ്ടാകുന്നില്ലല്ലോ. അവർക്കു സൗഖ്യം എന്തുകൊണ്ട് എന്നു നീതിമാന്മാർ ആരായുന്നു. പാപികളായ മനുഷ്യർ എത്രത്തോളം ഭൂമിയിലെ നന്മകൾ അനുഭവിക്കും? സാധാരണ മനുഷ്യന്റെ മനസിലേക്കു കടന്നു വരുന്ന ചിന്തയിതാണ്. ദൈവം ഇവരെ എന്തുകൊണ്ടു ഇങ്ങനെ വളരാൻ സഹായിക്കുന്നു? നമ്മുടെ ദൈവം കൃപാലുവാണ്. എല്ലാവരേയും സ്നേഹിക്കുന്നുണ്ട്. എല്ലാവരോടും ദയയും കരുണയും കാണിക്കുന്നവനാണ്. ഈ

ഭൂമിയിൽ ജീവിക്കുന്ന നീതിമാനും ദുഷ്ടനും ഒരേപോലെ അനുഭവിക്കാൻ പൊതുവായി നല്കുന്ന അനേകം വസ്തുക്കൾ ഉണ്ട്. മഴയും, മഞ്ഞും, വെയിലും, പകലും രാത്രിയും എല്ലാം ഇതിൽ ഉൾപ്പെടും (മത്തായി 5:47; പ്രവൃത്തി 14:17). എന്തുകൊണ്ട് അഭക്തരായ മനുഷ്യർ ഇങ്ങനെ തഴെച്ചു വളരുന്നു?

★

## 1. അവർ വാസ്തവത്തിൽ അഭിവൃദ്ധിപ്പെടുകയാണോ?

വാസ്തവത്തിലുള്ള ഉയർച്ചയല്ല പാപി അനുഭവിക്കുന്നത്. ഭൂമിയിൽ യഥാർത്ഥ സുഖം അനുഭവിക്കുന്നത് സൗമ്യതയുള്ളവരാണ്. സാമ്പത്തികമായി സമ്പന്നതയിൽ കഴിയുന്ന ദുഷ്ടന്മാരെ സംബന്ധിച്ച് അവർ എപ്പോഴും ഭയപ്പെട്ടു കഴിയുകയാണ്. അവരുടെ മനസിൽ ഒരു സ്വസ്ഥതയുമില്ല. സുഖമായ നിദ്രപോലും അവർക്കു അന്യമായി തീരുന്നു. എന്നാൽ പുറമെ കാണുന്നവർക്ക് അവർ സമൃദ്ധി അനുഭവിക്കുന്നു എന്ന തോന്നലുണ്ടാകും. ഭൗതികമായ ഇവരുടെ ഉയർച്ച കണ്ടു അതിശയിക്കേണ്ട കാര്യമില്ല. അവിഹിത മാർഗ്ഗത്തിലൂടെ അവർ ധനം സമ്പാദിക്കുന്നു. ആത്മിയ സന്തോഷമോ സമാധാനമോ ലഭിക്കാത്ത ഇവരുടെ അന്ത്യം ശോചനീയം തന്നെ. പണം ഉണ്ടായാൽ സർവ്വ പ്രശ്നങ്ങളും തീരുമെന്ന് ധരിച്ചിരിക്കുന്നവർ ചതിയിലും കണിയിലും പരീക്ഷയിലും ആണ് അകപ്പെട്ടിരിക്കുന്നത്. ധനം കൊണ്ടു നേടിയെടുക്കാൻ പറ്റാത്ത നന്മകൾ പലതുണ്ട്. ദൈവം അതു സൗജന്യമായി നല്കും. പക്ഷെ അതൊന്നും ദുഷ്ടന്മാർക്കു അനുഭവിക്കാൻ കഴിയുകയില്ല. അനീതി പ്രവർത്തിക്കുന്ന ആർക്കും ദൈവത്തിന്റെ വിലയേറിയ ആത്മീയ അനുഗ്രഹങ്ങൾ കിട്ടുകയില്ല. അതുകൊണ്ട് ദുഷ്ടൻ നഷ്ടമാക്കുന്നതിനെ കുറിച്ചാണ് നാം ചിന്തിക്കേണ്ടത്.

★

## 2. അവർ എന്തിലാണ് വളരുന്നത്

ദുഷ്ടവിചാരമുള്ള ഏതൊരാളും യോഗ്യമായ രീതിയിലല്ല ജീവിക്കുന്നത് എന്നു നമുക്കറിയാം. മാന്യമായ പരിശ്രമമല്ല അവർ തിരഞ്ഞെടുത്തിരിക്കുന്നത്. അവരുടെ ദുഷ്പ്രവൃത്തികളെ അവർ

എങ്ങനെ മൂടി വെക്കുന്നു? അവർ ഏർപ്പെടുന്ന വ്യാപാരങ്ങൾ എല്ലാം സാമൂഹ്യ തിന്മ ഉദ്ദേശിച്ചതായിരിക്കും. അവർ മറ്റുള്ളവരെ കവർന്നെടുക്കയോ, ചൂഷണം ചെയ്യുകയോ മോഷ്ടിക്കയോ ചെയ്യുന്നു; ചതിക്കയും വഞ്ചിക്കയും ചെയ്യുന്നു. ചുരുക്കി പറഞ്ഞാൽ അവരുടെ സേവനങ്ങൾ ഒന്നും സത്യസന്ധമല്ല. ആത്മാർത്ഥമായി അവരെ പൂർണ്ണമായി ആരും വിശ്വസിക്കയുമില്ല. ശരിയായ ഒരു കുടുംബം പണിതുയർത്തുന്നതിൽ അവർ ഉയരുന്നില്ല. അന്യോന്യമുള്ള യഥാർത്ഥ ബന്ധം പുലർത്തുവാൻ അവർക്കു കഴിയുകയില്ല ഒരു സമൂഹത്തിന് പുകഴ്ച്ച ലഭിക്കുന്നതു നല്ല കുടുംബങ്ങളുടെ പുരോഗതി നിമിത്തമാണ്. അതെങ്ങനെ സംജാതമാകും എന്നു ഇവർക്കറിഞ്ഞുകൂടാ. സ്വാർത്ഥ മോഹികളായ ഇവർ തങ്ങളുടെ ഇടുങ്ങിയ മനസുമായി നീങ്ങുന്നു. ആത്മ രക്ഷക്കു ദൈവവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജീവിതമാണ് ശ്രേയസുള്ള വ്യക്തിത്വത്തെ വാർത്തെടുക്കുന്നത്. ലോകത്തിന് വെളിച്ചം പകരുവാൻ ദുഷ്ടന്മാർക്കു എങ്ങനെ കഴിയും? അവർ ഇരുട്ടിലാണ് വസിക്കുന്നത്. അവരുടെ സ്വാധീന മാർഗ്ഗമെല്ലാം അവിശുദ്ധമായിരിക്കും.

ദൈവത്തെ അനുസരിച്ച് ജീവിക്കുന്ന മനുഷ്യരാണ് യഥാർത്ഥത്തിൽ ഭാഗ്യവാന്മാർ. അവർക്കു മാനസിക സംഘർഷങ്ങളോ പിരിമുറുക്കമോ, സമ്മർദ്ദമോ അനുഭവപ്പെടുന്നില്ല. അവർക്കുള്ളതുകൊണ്ട് തൃപ്തിയായി ജീവിക്കാൻ പറ്റുന്നു. അവർ ഈ ലോകത്തിലുള്ളവയ്ക്ക് ഒന്നും അമിത പ്രാധാന്യം കല്പിക്കാത്തതുകൊണ്ട് ഉൽക്കണ്ഠ ഉണ്ടാകുന്നില്ല. തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ അവർ ഒരിക്കലും വളഞ്ഞ വഴി കണ്ടെത്താതെ ദൈവത്തിൽ ഭരമേല്പിക്കും. അതുകൊണ്ടു അവർ അധികം ക്ലേശിക്കാറില്ല. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലിപ്പിയർ 4:7). ദൈവത്തിൽ നിന്നാണ് നമുക്ക് നീണ്ടു നില്ക്കുന്ന സന്തോഷവും സമാധാനവും ലഭിക്കുന്നത്. മറ്റെല്ലാം താല്ക്കാലികമാണ്. അതുകൊണ്ടാണ് ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ പറഞ്ഞിരിക്കുന്നത്. ഭൂമിയും അതിലുള്ള പണികളൊക്കെയും വെന്തുപോകുന്ന ഒരു ദിവസം വരും.

✶

## ദുഷ്ട സമൃദ്ധി എത്രകാലം?

ഭൗമിക നിക്ഷേപങ്ങളിലാണ് ദുഷ്ടന്മാരുടെ ലാക്ക്. അവർക്കു സ്വർഗ്ഗത്തിൽ നിക്ഷേപമില്ല (മത്തായി 6:20). തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെ ചാകുമല്ലോ എന്നതാണ് അവരുടെ തത്വം. അതുകൊണ്ട് ഈ ലക്ഷ്യം നേടുക എന്നതു മാത്രമാണ് അവരുടെ ഉന്നം. ദ്രവ്യാഗ്രഹം മനുഷ്യന്റെ ധാർമ്മികതത്തെ നീക്കം ചെയ്യുന്നു. ലോകത്തിലുള്ള വസ്തുക്കൾ നേടിയെടുക്കണമെന്ന മോഹം ആളുകളെക്കൊണ്ടു തെറ്റു ചെയ്യിപ്പിക്കുന്നു. അതിൽ നിന്നു കര കയറാനും രക്ഷപ്പെടാനും വേറെ തെറ്റുകുറ്റങ്ങളിൽ ഏർപ്പെടുന്നു. ഇങ്ങനെയാണ് അവർക്കുള്ളിൽ ഭയവും കുറ്റാരോപണവും വർദ്ധിച്ചു വരുന്നത്. ആകയാൽ ദുഷ്ടന്റെ ബാഹ്യമായ ഉയർച്ച പെട്ടെന്നു അവനു തന്നെ വിനാശമായി ഭവിക്കും. അധികം നീണ്ടു പോകയില്ല എന്നർത്ഥം. ദൈവത്തിനു പ്രയോജനമില്ലാത്തവരാണ് ദുഷ്ടന്മാർ. ഫലം പുറപ്പെടുവിക്കാത്തവർ ആണല്ലോ അവർ. അങ്ങനെയുള്ളവരുടെ അന്ത്യം, ഫലം കായ്ക്കാത്ത അത്തിയുടേതിനു സമമായിരിക്കും.

യഥാർത്ഥ ക്രിസ്ത്യാനി ഇത്തരം കാര്യങ്ങളിൽ വിഷമിക്കേണ്ട കാര്യമില്ല. ആത്മാവിനെ ദൈവ കരങ്ങളിൽ ഏല്പിക്കുവാൻ ശ്രമിക്കു. ശരീരം പൊടിയിലേക്കു തിരികെ ചേരുന്നതുവരെ ദൈവ നീതി നിർവ്വഹിച്ച് ആത്മാവിനു ദോഷം സംഭവിക്കാതെ നോക്കണം. ജഡം ബലഹീനവും ആത്മാവ് ഒരുക്കമുള്ളതും ആകുന്നു. ഈ ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ലഭിക്കും എന്നു യേശു ചോദിച്ചിരിക്കുന്നു.

✶

## കണക്കിലെടുക്കേണ്ടത് ചിന്തയാണ്

### ചക്ക് വെബ്സ്റ്റർ

നിങ്ങളുടെ കുട്ടിയോ പങ്കാളിയോ ഒരു തികഞ്ഞ ദാനത്തിനായി അതിവാഞ്ഛയോടെ കാത്തിരുന്നിട്ടു ഒരു

നിസാരമായതു മാത്രമാണ് കിട്ടിയത്. അതു ആരാണ് അത്ര കാര്യമായിട്ടെടുക്കുന്നത്? ആ സമ്മാനത്തിനു പിന്നിലുള്ള ചിന്തയാണ് വാസ്തവത്തിൽ പ്രാധാന്യമേറിയത്. രാവിലെ ജോലിക്കു പോകുന്നതിനു മുൻപ് ഒരാൾ തന്റെ മകനെ ഒരു ജോലി ഏല്പിച്ചിട്ടാണ് പോയത്. തിരിച്ചു വന്നപ്പോൾ ആ ജോലി പൂർത്തിയാക്കാതെ കിടന്നിരുന്നു. അയാളുടെ ചിന്ത ആ മകനെ കുറിച്ചു തന്നെയായിരിക്കും. ആ മകനെ കാണുമ്പോൾ അവനോടു ചോദിക്കേണ്ടതും പറയേണ്ടതുമായ കാര്യങ്ങളെ കുറിച്ചു ചിന്തിക്കും. ആ കുട്ടിയുടെ ചിന്ത മറ്റൊന്നായിരിക്കും. മൊത്തത്തിൽ മനുഷ്യന്റെ ചിന്തയാണ് നാം കണക്കിലെടുക്കുന്നതെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? മനസിനെ നാം ഉപയോഗിക്കുന്നതാണല്ലോ ചിന്ത.

നമ്മുടെ വിചാരങ്ങളെ കുറിച്ച് ദൈവം കരുതലുള്ളവനാണ്. യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാവേളയിൽ അവൻ ആളുകളോടു പല അവസരങ്ങളിൽ അവരുടെ വിചാരങ്ങൾ എന്ത് എന്ന് അന്വേഷിക്കുന്നുണ്ട്. ഹൃദയ നിരൂപണങ്ങൾ എന്ത് എന്ന് അന്വേഷിക്കുന്നുണ്ട്. ഹൃദയ നിരൂപണങ്ങൾ അറിഞ്ഞിരുന്നവനായിരുന്നു കർത്താവ് (മത്തായി 9:4; 17:25; ലൂക്കൊസ് 10:36; 13:4). ഹൃദയത്തിനു ഊന്നൽ കൊടുത്തുകൊണ്ട് വേദപുസ്തകത്തിൽ പറയുന്നുണ്ട്. കാരണം നമ്മുടെ ഹൃദയത്തിൽ നിന്നു വിചാരം ഉടലെടുക്കുകയും അങ്ങനെ അതു പ്രവൃത്തി പഥത്തിൽ എത്തിക്കുകയും ചെയ്യുന്നു (മത്തായി 5:28; 12:34-35). ഫിലിപ്പിയരെ അപ്പൊസ്തലൻ ഉത്തേജിപ്പിക്കുന്നതു ഈ അവസരത്തിൽ നമുക്കും വളരെ ഫലപ്രദമാണ്. ഒടുവിൽ സഹോദരന്മാരെ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ച്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ (ഫിലിപ്പിയർ 4:8).

നാം ദൈവത്തോടു പ്രാർത്ഥിക്കാറുണ്ട് അല്ലേ? ആ യാചനയിൽ ഉൾപ്പെടുത്തേണ്ട ഒരു കാര്യം നാം മറന്നു പോകരുത്. ശരിയല്ലാത്ത വാക്കുകളോ ചിന്തകളോ നമ്മിൽ വരാതിരിക്കാൻ അതു ആവശ്യമാണ്. ദാവീദിന്റെ പ്രാർത്ഥന കേൾക്കുക: എന്റെ

പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ധ്യാനവും നിനക്കു പ്രസാദകരമായിരിക്കട്ടെ (സങ്കീർത്തനങ്ങൾ 19:14). നമ്മുടെ വിചാരങ്ങളും ദൈവത്തിന്റെ വിചാരങ്ങളും വിഭിന്നമാണ്. അതുകൊണ്ട് നാം ഭക്തിയോടെ, പ്രാർത്ഥനയോടെ തിരുവെഴുത്തുകൾ ധ്യാനിക്കണം. അകൃത്യം നമ്മുടെ അധരങ്ങളിൽ നിന്നു പുറപ്പെടാതിരിക്കാൻ സൂക്ഷിക്കണം. നമ്മുടെ ഹൃദയത്തെ നാം വിശുദ്ധമായി സൂക്ഷിക്കണം. എങ്കിൽ മാത്രമെ നമുക്കു ദൈവത്തെ കാണാൻ കഴിയുകയുള്ളു. നാം ദൈവത്തിനോ ദൈവ നിയമത്തിനോ വിരോധമായി ദോഷം നിരൂപിക്കരുത്. ഹൃദയത്തെ വിശുദ്ധീകരിക്കാൻ യേശു ക്രിസ്തുവിന്റെ രക്തം മതിയായതത്രെ. അവന്റെ രക്തത്തോടു ബന്ധപ്പെടുന്നവരുടെ ഹൃദയങ്ങളെ അവൻ നിർമ്മലീകരിക്കുന്നു.

ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിൽ ശരിയായ ചിന്തകൾ നിർബന്ധമായും ഉണ്ടായിരിക്കണം. എന്നാൽ അതു മാത്രം മതി എന്നു കരുതരുത്. ശരിയായ ചിന്ത ശരിയായ ക്രിയയിലേക്കു നമ്മെ നയിക്കണം. അതായതു ശരിയായ ജീവിതവും സേവനവും നാം നയിക്കേണം എന്നർത്ഥം. നേരായി ചിന്തിക്കുവാനും അതേ സമയത്തു തെറ്റു പ്രവർത്തിക്കുവാനും കഴിയും. ഉദാഹരണമായി കൊർന്നെല്യോസിനെ എടുക്കാം. അവന്റെ ഹൃദയത്തിൽ ദോഷമുള്ളതായി ഒന്നുമുണ്ടായിരുന്നില്ല. ലൂക്കൊസ് അവനെ സംബന്ധിച്ച് പറയുന്നത്: അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ട് അനുസരിക്കാതെ ജീവിച്ചിരുന്നു. അതായിരുന്നു അവന്റെ തെറ്റ്. ആകയാൽ പത്രൊസ് അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും സുവിശേഷം അറിയിച്ചു. കൊർന്നെല്യോസ് സുവിശേഷം കേട്ടപ്പോൾ അവൻ ശരിയായി ചിന്തിക്കാൻ തുടങ്ങി. സുവിശേഷം അനുസരിച്ചു സ്നാനമേറ്റപ്പോൾ അവന്റെ വിചാരങ്ങൾ കണക്കിലെടുത്തു. വെറും ദൈവ ഭക്തിയോ ദാന ധർമ്മമോ പ്രാർത്ഥനയോ മാത്രം പോരാ.

അധരം കൊണ്ടു ദൈവത്തെ ബഹുമാനിക്കയും ഹൃദയം ദൈവത്തിൽ നിന്നു അകറ്റി നിർത്തുകയും ചെയ്യുന്നവർ ധാരാളം പഴയ നിയമ കാലം മുതൽ ഇന്നുവരെയുണ്ട്. അത്തരം കാപട്യ വിശ്വാസ ജീവിതം ദൈവം വെറുക്കുന്നു (മത്തായി 15:9). ദൈവത്തിന്റെ വിചാരത്തോടു നമ്മുടെ വിചാരങ്ങളെ നാം സാമ്യപ്പെടുത്തി നോക്കണം. ആത്മീയ കാര്യങ്ങളിൽ നമ്മുടെ ചിന്തയുടെ സ്ഥാനം എവിടെ നില്ക്കുന്നു? ദൈവത്തെ ആശ്രയിക്കുന്നവർ അതു എല്ലായ്പ്പോഴും തങ്ങളിൽ സൂക്ഷിക്കണം. ഈ ലോക ജീവിതത്തിനായുള്ള ഒരുപാധിയായി മാത്രം നാം ദൈവിക കാര്യങ്ങളെ കണക്കിലെടുക്കരുത്. ലൗകിക നീതിയേക്കാൾ ദൈവിക നീതിയായിരിക്കണം നമ്മുടെ ഉള്ളിൽ വേണ്ടത്. ധാർമ്മികമോ മതപരമോ ആയ പ്രവർത്തികൾ നാം ചെയ്യുമ്പോൾ അതിൽ ദൈവം സംപ്രീതനാകുമോ എന്നു നാം ചിന്തിക്കണം. നാം ചിന്തിക്കേണ്ട മറ്റൊരു കാര്യം പ്രവർത്തികളുടെ പരിണിത ഫലങ്ങൾ ആണ്. ഓരോ പ്രവർത്തിക്കും അതിന്റേതായ പ്രതിഫലമോ പ്രത്യാഘാതമോ ഉണ്ടാകും എന്നു ഓർമ്മിക്കുക.

മനസാക്ഷിയിൽ ആശ്രയിച്ചു ജീവിക്കുന്നവർ ധാരാളം ഉണ്ട്. കേവലം നല്ല മനസാക്ഷിയോടു കൂടെ ജീവിച്ച മനുഷ്യനായിരുന്നു തർസൊസുകാരനായിരുന്ന ശൗൽ (പ്രവൃത്തി 23:1). താൻ ചെയ്യുന്നതെല്ലാം ശരിയാണെന്നും അതു ദൈവത്തിനു പ്രസാദകരമായിരിക്കും എന്നും ചിന്തിച്ചവനായിരുന്നു അവൻ. എന്നാൽ അവന്റെ ചിന്തകളും പ്രവർത്തികളും തെറ്റായിരുന്നു. അവന്റെ പ്രവർത്തികളെല്ലാം കർത്താവിന്റെ സഭയെ ഉപദ്രവിക്കയും മുടിക്കയും ചെയ്യുന്നതിനു വേണ്ടിയായിരുന്നു. അതു കർത്താവിനെ ഉപദ്രവിക്കുന്നതിനു തുല്യമാണ്. പക്ഷെ സത്യം അനുസരിപ്പാനുള്ള നല്ല ഒരു ഹൃദയം അവനുണ്ടായിരുന്നു അവൻ സത്യം അനുസരിച്ചപ്പോൾ ദൈവം അവനെ ഏറ്റവും പ്രസിദ്ധനായ ദൈവ ശുശ്രൂഷക്കാരനാക്കി ഉയർത്തി (പ്രവൃത്തി 9:1-31).

അപ്പോൾ എന്താണ് പ്രതിവാദം പറയുവാനുള്ളത്? ചിന്തയാണ് നാം പരിഗണനക്കായി എടുക്കേണ്ടത്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാളുടേയും വിചാരവും പ്രവർത്തിയും പരമ പ്രധാനമാണ്. നല്ല ചിന്തകൾ നമ്മെ നല്ല

പ്രവർത്തിയിലേക്കു നയിക്കണം. ദൈവത്തെ സേവിക്കേണ്ടവരാണ് എല്ലാവരും അതുകൊണ്ടു എല്ലാവർക്കും ഇതു ബാധകമാണ്. ചിന്തയും ജീവിതവും ഗണനീയം തന്നെ.

## വളരെ ദൂരെ ഒരു കുന്നിന്മേൽ

### നീൽ പോളാർഡ്

ഒരു യുവ ക്രിസ്ത്യാനി തന്റെ ജീവിതത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ശാപഗ്രസ്തമായ സംഭവങ്ങളും വിവിധ ആവശ്യങ്ങളും യുക്തിയുക്തമായി അപഗ്രഥനം ചെയ്തുകൊണ്ടിരിക്കുന്നു. ബൈബിൾ പഠന സമയത്തും ആരാധന നടന്നുകൊണ്ടിരിക്കുമ്പോഴും ചിലർ ഉറങ്ങിക്കൊണ്ടിരിക്കുന്നു. ഒരു സ്ത്രീ തന്റെ കൂട്ടുകാരിയെ കുറിച്ചു മോശമായി സംസാരിക്കുന്നു. ചിലർ നിസാരമായ കാരണങ്ങളാൽ ആരാധന മുടക്കുന്നു. കർത്തൃമേശ എടുക്കുന്ന സമയത്തു പലരും നിശബ്ദതയിൽ തങ്ങൾ അതെടുക്കുവാൻ അയോഗ്യർ എന്നു കരുതി കഴിയുന്നു. ചില സഹോദരന്മാർ സഭാ പ്രവർത്തനങ്ങളിൽ നിന്നു വിട്ടു നില്ക്കുന്നു. ഇവരെല്ലാം ദൈവ മക്കളെല്ലേ? ഈ വിലയേറിയ ദൈവ ഭവനത്തിലെ അവന്റെ മക്കൾക്കു എന്തു സംഭവിച്ചു? എന്തുകൊണ്ടാണ് ആളുകൾ ഈ വ്യത്യസ്ത മനോഭാവങ്ങളിലേക്കു വഴി മാറി പോകുന്നതു? നിങ്ങൾ ഇതിനെ കുറിച്ചു ചിന്തിച്ചിട്ടുണ്ടോ?

ധാരാളം രചനകൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ എല്ലാം ഏക പ്രശ്നം മാത്രമാണുള്ളത്. എന്തു കൊണ്ടു ആളുകൾ, ക്രിസ്ത്യാനികൾ അടക്കം തെറ്റുകൾ ചെയ്യുന്നു? അല്ലെങ്കിൽ ശരിയായതു ചെയ്യുന്നതിൽ പരാജയപ്പെടുന്നതു എന്തുകൊണ്ട്? അവരുടെ വീക്ഷണം ആ കുന്നിന്മേൽ ഇല്ല. അങ്ങു ദൂരെ അവർക്കുവേണ്ടി ഒരു മലയിൽ, മരത്തിന്മേൽ തൂങ്ങേണ്ടി വന്നതു അവർ കാണുന്നില്ല. വേദനയും ലജ്ജയും സ്വയം, ഈ ലോകത്തിനു വേണ്ടി സഹിച്ചു മരണത്തിനു ഏല്പിച്ചു കൊടുത്ത ത്യാഗവാൻ മനുഷ്യ മനസിൽ നിന്നും വളരെ അകലെയായി തീർന്നിരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തെ യഥാർത്ഥ്യബോധത്തോടെ അവർ കണ്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ക്രിസ്തുവിന്റെ ക്രൂശിന്റെ അർത്ഥം നഷ്ടമാക്കുന്നവർക്കു സംഭവിക്കുന്നത് അപകടം തന്നെയാണ്. അവർക്കും അവർ ബന്ധപ്പെടുന്ന ആളുകൾക്കും അതു തീരാനഷ്ടം വരുത്തി തീർക്കും ക്രൂശിന്റെ വചനമാണ് ഇന്നു ലോകത്തിനു അത്യന്താപേക്ഷിതമായിരിക്കുന്നത്. യേശുവിന്റെ ക്രൂശിലെ മരണം നിസാരമായി തള്ളിക്കളയാവുന്ന ഒന്നല്ല. ആ യാഗവുമായി ബന്ധപ്പെടാതെ ആരുടേയും ജീവിതം ശരിയായ മോചനം പ്രാപിക്കുന്നില്ല. അപ്പൊസ്തലനായ പൗലൊസ് പ്രസ്താവിച്ചിരിക്കുന്നതു: സ്നാനം കഴിപ്പാൻ അല്ല, സുവിശേഷം അറിയിപ്പാനത്രെ ക്രിസ്തു എന്നെ അയച്ചതു: ക്രിസ്തുവിന്റെ ക്രൂശു വ്യർത്ഥമാകാതിരിക്കേണ്ടതിനു വാക്ചാതുര്യത്തോടെയല്ല താനും" (1 കൊരിന്ത്യർ 1:17). ഇതിൽ നിന്നും സ്നാനം വേണ്ട എന്ന അർത്ഥമല്ല; മറിച്ച് സ്നാനം കഴിപ്പിക്കുക എന്നതു ആർക്കുമാകാം. പക്ഷെ തന്നെ ദൈവം അയച്ചതിന്റെ ഉദ്ദേശത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ക്രൂശിന്റെ പ്രസക്തി എന്താണെന്നു അറിയാത്തവർ അതിനെ തെറ്റായി ഉപയോഗിക്കുന്നു. ക്രിസ്ത്യാനികളുടെ സ്നേഹിതന്മാർക്കും സഹ പ്രവർത്തകർക്കും അവരുടെ പ്രവർത്തികൾ അപമാനം വരുത്തുന്നുണ്ടോ? മനഃപൂർവ്വം ചെയ്യുന്ന പാപം ക്രൂശിനെതിരാണ് (എബ്രായർ 6:4-6). ക്രിസ്തുവിനെ വേദനിപ്പിക്കുന്ന സ്വഭാവക്കാർ ക്രൂശിനെ തങ്ങളുടെ ഹൃദയത്തിൽ വെറും ഒരു കെട്ടുകഥയായി സൂക്ഷിച്ചിരിക്കുന്നു. ലോകത്തെ സ്നേഹിച്ചു കൊണ്ടു ഒരു ക്രിസ്ത്യാനി ക്രൂശിന്റെ ശക്തി ത്യജിക്കുന്നവനായി മാറും. ഈ മനോഭാവം വളർന്നു വരികയും ക്രമേണ അയാൾ ക്രൂശിന്റെ ശത്രുവായി മാറുകയും ചെയ്യും. അങ്ങനെ ആത്മിയമായി ദൈവ നിയമത്തെ അവഗണിച്ചു ജീവിക്കുമ്പോൾ ദൈവത്തിനു തന്നെ ശത്രുവായി തീരുന്നു. ക്രിസ്തുവിനെക്കാളും ദൈവത്തെക്കാളും ലോകത്തിനു പ്രാധാന്യം കൊടുക്കുന്നതു വളരെ ഗൗരവമായ പ്രത്യാഘാതം വിളിച്ചു വരുത്തും (എഫെസ്യർ 3:11; യാക്കോബ് 4:4). ദൈവ പ്രസാദമായ യാഗം വേറൊന്നില്ല.

✶

## ഓർമ്മിക്കുക-ക്രൂശ് യഥാർത്ഥമാണ്

അതുതന്നെയാണ് ദൈവത്താൽ അയക്കപ്പെട്ട പൗലൊസ് പ്രതിപാദിച്ചിരിക്കുന്നതു (1 കൊരിന്ത്യർ 15:1-4). ക്രിസ്തുവിന്റെ

ക്രൂശിന്റെ കാലയളവിൽ ജീവിച്ചിരുന്ന സമകാലികർ അതിന്റെ ചരിത്രപരമായ വിശ്വാസ്യതയെ അധികാരപ്പെടുത്തുന്നു. അവിശ്വാസികളും സംശയാലുക്കളും ഈ സത്യ വസ്തുതയെ അവഗണിച്ചിരിക്കുന്നു. പക്ഷെ യാഥാർത്ഥ്യത്തെ ഒരിക്കലും ഇല്ലാതാക്കാൻ ആർക്കും കഴിയുകയില്ല. നമ്മുടെ രക്ഷകന്റെ തുറന്ന രക്ഷാപദ്ധതിയുടെ ഉപദേശം ആ അടിസ്ഥാനത്തിന്മേലുള്ളതാണ് (റോമർ 6:17, 18). തിരുവെഴുത്തിൻ പ്രകാരം യഥാർത്ഥമായി ക്രിസ്തു മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു എന്നതിനു സാക്ഷികൾ ധാരാളമുണ്ട്. അതുകൊണ്ടു യേശുവിന്റെ ക്രൂശ് വാസ്തവത്തിൽ സംഭവിച്ചതു തന്നെ.

✱

**ഓർമ്മിക്കുക-ക്രൂശ് വാസ്തവത്തിൽ പ്രാധാനപ്പെട്ടതാണ്**

എല്ലാവരുടേയും പാപങ്ങൾക്കു വേണ്ടിയാണ് യേശു ക്രൂശിൽ മരിച്ചതു (റോമർ 5:8). നിസാരമെന്നും ചെറുതെന്നും തോന്നുന്ന പാപങ്ങൾക്കു വേണ്ടി അവൻ മരിച്ചു. അതേപോലെ ക്രൂരവും പൈശാചികവും അതി കാഠിന്യവുമായ പാപങ്ങൾക്കു വേണ്ടിയും ആയിരുന്നു അവൻ മരിച്ചത്. ദൈവത്തിൽ നിന്നു മനുഷ്യർ അകന്നു പോകുവാനിടയായതു പാപം നിമിത്തമായിരുന്നു. അവരെ വീണ്ടും ദൈവത്തിങ്കലേക്കു മടക്കി വരുത്തുവാൻ പാപ നിവാരണം ഒഴിച്ചു കൂടാനാവാത്തതായിരുന്നു. യേശുവിന്റെ മരണം അതു സാദ്ധ്യമാക്കി തീർത്തു (റോമർ 8:34). പാപിയായ ഏതൊരാളെയും ദൈവം ഉപേക്ഷിക്കും. എന്നാൽ ദൈവ കൃപയാൽ യേശുക്രിസ്തുവിന്റെ യാഗം അവർ ദൈവപക്ഷത്തേക്കു വരുന്നതിനുള്ള അവസരം ഒരുക്കി (റോമർ 14:19; ഗലാത്യർ 2:20). ദൈവം പാപത്തെ ഇഷ്ടപ്പെടുന്നില്ല. പക്ഷെ ആ വ്യക്തിയെ ദൈവം സ്നേഹിക്കുന്നു അതുകൊണ്ടാണ് ആത്മിയ നാശം ദൈവം ഒഴിവാക്കികൊടുക്കുന്നത് (2 കൊരിന്ത്യർ 5:14-15; യോഹന്നാൻ 14:23). സ്വർഗ്ഗത്തിലേക്കു മനുഷ്യർ പ്രവേശിക്കുന്നതിനുള്ള വാതിൽ

തുറക്കുകയാണ് യേശു തന്റെ മരണത്തിലൂടെ ചെയ്തത്. അതു മൂലം പാപത്തിന്റെയും മരണത്തിന്റെയും ശക്തി ഇല്ലാതാക്കി (1 തെസലൊനികൃർ 4:14).

✶

**ഓർമ്മിക്കുക – ക്രൂശ് വാസ്തവത്തിൽ ആവശ്യമായിരുന്നു**

ദൈവത്തിന്റെ തികഞ്ഞ നീതി നിറവേറ്റുവാൻ ഈ പ്രത്യേക മരണം അനിവാര്യമായിരുന്നു. നിരപരാധി അഥവാ പാപമില്ലാത്ത, പരിശുദ്ധമായ രക്തം അർപ്പിപ്പാൻ യേശുക്രിസ്തു തയ്യാറായി. അങ്ങു വിദൂരതയിൽ ഒരു മലമേൽ യേശു തന്റെ ജീവനെ അർപ്പിച്ചു. അതു അനേകരുടെ ജീവന്റെ മറുവിലയായിട്ടാണു കൊടുത്തത് (എഫെസ്യർ 2:8–9). ഈ ക്രൂശിന്റെ വചനം അനുസരിക്കുന്നതിനു പകരമായി മറ്റൊന്നില്ല. പാപിയായ മനഷ്യന്റെ കറപുരണ്ട മനസാക്ഷിയെ ശുദ്ധീകരിക്കാൻ ചോരത്തളി നടത്തിയ കർത്താവിന്റെ യാഗം സുപ്രധാനമായിരുന്നു (എബ്രായർ 5:8–9).

✶

**ക്രിസ്തുവിന്റെ യാഗത്തോടു എങ്ങനെ ബന്ധപ്പെടാം?**

അവന്റെ ശരീരത്തെ കഷ്ടതക്കായി ഏല്പിച്ചു കൊടുത്തു. അവന്റെ രക്തം ശരീരത്തിൽ നിന്നു ഒഴുക്കുവാൻ അനുവദിച്ചു. അവന്റെ ജീവൻ മറുവിലയായി നല്കി. പാതിൽ പിശാചിനു അടിമയായിരുന്ന മനുഷ്യരെ അങ്ങനെ വിടുവിക്കുവാൻ അവസരം ഒരുങ്ങി. ഇനി മനുഷ്യർക്ക് എങ്ങനെ ഇതിനോടു ബന്ധപ്പെടാമെന്നു നോക്കാം. അതു യേശു ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയോടു പങ്കാളികളാകണം. അതിനാണ് വെള്ളത്തിലുള്ള അടക്കമാകുന്ന സ്നാനം വെച്ചിരിക്കുന്നത്. വചനപ്രകാരം ഒരാൾ സ്നാനമേല്ക്കുമ്പോൾ ഇതു സാധ്യമാകും (റോമാ ലേഖനം 6:3–4). ദൈവത്തെ അനുസരിക്കുവാൻ എല്ലാവരും തയ്യാറാകണം.

✶

## വാർത്തകൾ

### പനി 'തകർത്തു' മുന്നേറുന്നു

നഗരത്തിലും സമീപ പ്രദേശങ്ങളിലും പകർച്ചപ്പനി പടരുന്നു. ആരോഗ്യവകുപ്പിന്റെ കണക്കുപ്രകാരം അയ്യായിരത്തോളം പേർ നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും പനിബാധിതരാണ്. കഴിഞ്ഞ ഒരാഴ്ച്ചയ്ക്കുള്ളിൽ പകർച്ചപ്പനി മൂലം നഗരത്തിൽ മരിച്ചതു 10 പേരാണ്.

മെഡിക്കൽ കോളജ്, എസ്എടി, ജനറൽ ആശുപത്രികൾ, തൈക്കാട്, പേരൂർക്കട, ഫോർട്ട് ആശുപത്രികൾ, ഗവ.ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലുള്ള അയ്യായിരത്തോളം പനിബാധിതരിൽ മൂവായിരത്തിലധികം പേർ നഗരത്തിലും പ്രാന്ത്രപ്രദേശങ്ങളിലുമുള്ളവരാണ്. നഗരത്തിലെ സ്വകാര്യ ആശുപത്രികളിലും ആയിരത്തിലധികം പേർ പകർച്ചപ്പനി ബാധിച്ചു ചികിൽസയിലാണ്.

✷

### പഴകിയ ഭക്ഷണം: ഹോട്ടൽ മുദ്രവച്ചു

തിരുവനന്തപുരം മെഡിക്കൽകോളജിനു സമീപം കുമാരപുരത്തു പഴകിയ ഭക്ഷണസാധനങ്ങൾ വിൽപന നടത്തിയതിനെ തുടർന്നു നഗരസഭാ ഹെൽത്ത് സ്ക്വാഡ് പരിശോധന നടത്തിയ ഹോട്ടൽ അടച്ചുപൂട്ടി സീൽചെയ്തു.

ഭക്ഷണയോഗ്യമല്ലാത്ത സാധനങ്ങൾ വില്പന നടത്തിയതിന് ഒരാഴ്ചമുൻപ് ഹെൽത്ത് ഇൻസ്പെക്ടർ ടി. അലക്സാണ്ടറുടെ നേതൃത്വത്തിൽ ഹോട്ടൽ ഉടമയ്ക്കു നോട്ടീസ് നല്കിയിരുന്നു. എന്നാൽ നോട്ടീസിനു മറുപടി നല്കുകയോ ലൈസൻസ് ഹാജരാക്കുകയോ ചെയ്തില്ല. ഇതേ തുടർന്നാണ് ഇന്നലെ നഗരസഭാ അധികൃതരെത്തി ഹോട്ടൽ പൂട്ടി മുദ്രവച്ചത്.

✷

### ഓർമ്മപ്പെരുന്നാൾ ഇന്ന്

തിരുവനന്തപുരം മലങ്കര ഓർത്തഡോക്സ് സഭ തിരുവനന്തപുര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പൊലീത്ത ആയിരുന്ന ഗീവർഗീസ് മാർ ദിയസ്കോറോസിന്റെ എട്ടാം ഓർമദിന ചടങ്ങുകളുടെ

ഭാഗമായി ഉള്ളൂർ ഹോളി ട്രിനിറ്റി ചപ്പലിൽ ഇന്നു വൈകിട്ട് സന്ധ്യാനമസ്കാരവും തുടർന്ന ധ്യാന പ്രസംഗവും നടക്കും.

## ദലിത് ക്രൈസ്തവ സംവരണം: നടപടി വേണം

നെയ്യാറ്റിൻകര ദലിത് ക്രൈസ്തവരെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച രംഗനാഥ മിശ്ര കമ്മിഷൻ റിപ്പോർട്ട് എത്രയും വേഗം സുപ്രീം കോടതിയിൽ സമർപ്പിച്ചു നടപ്പാക്കാൻ വേണ്ട നടപടികൾ കേന്ദ്ര സർക്കാർ കൈക്കൊള്ളണമെന്ന് ബൈബിൾ ഫെയ്ത് മിഷൻ ബിഷപ് ഡോ.മോസസ് സ്വാമിദാസ് ആവശ്യപ്പെട്ടു. ബൈബിൾ ഫെയ്ത് മിഷൻ ആചരിച്ച ദലിത് ക്രൈസ്തവ പ്രാർഥനാ ദിനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

## ലണ്ടൻ സ്ഫോടനശ്രമം: ഹനീഫിനും സബീലിനുമെതിരെ കുറ്റം ചാർത്തി

ലണ്ടൻ – ഗ്ലാസ്ഗോസ്ഫോടന ശ്രമത്തോട് അനുബന്ധിച്ചു 12 ദിവസം മുൻപ് ഓസ്ട്രേലിയൻ പോലീസ് കസ്റ്റഡിയിലെടുത്ത ഇന്ത്യൻ ഡോക്ടർ മുഹമ്മദ് ഹനീഫിനെതിരെ ഓസ്ട്രേലിയൻ പോലീസ് കുറ്റം ചുമത്തി. സ്ഫോടനം നടത്താൻ ശ്രമിച്ച ബാംഗ്ളൂർ സ്വദേശികളായ കഫീൽ അഹമ്മദിനും സബീൽ അഹമ്മദിനും സിം കാർഡ് നൽകി സഹായിച്ചുവെന്ന കുറ്റമാണു ചാർത്തിയത്.

സബീൽ അഹമ്മദിനെതിരെ ലണ്ടൻ പോലീസും ഇന്നലെ കുറ്റം ചുമത്തി. സ്ഫോടനശ്രമം നടക്കുമെന്ന് അറിഞ്ഞിരുന്നുവെന്നുള്ള കുറ്റമാണു ചുമത്തിയിട്ടുള്ളത്. ഇതോടെ കേസുമായി ബന്ധപ്പെട്ടു കുറ്റം ചുമത്തപ്പെടുന്ന മൂന്നാമത്തെ വ്യക്തിയായി സബീൽ.

## കല്ലുവാതുക്കൽ ദുരന്തം: സുനിൽ ദത്ത അറസ്റ്റിൽ

തിരുവനന്തപുരം കല്ലുവാതുക്കൽ വിഷമദ്യ ദുരന്തത്തെത്തുടർന്ന് ഏഴു വർഷമായി ഒളിവിൽ കഴിയുകയായിരുന്ന സുനിൽ ദത്തിനെ

പോലീസ് അറസ്റ്റ് ചെയ്തു. മണിച്ചന്റെ സഹോദരനാണ് സുനിൽദത്ത്.

റൂറൽ എസ്പി:എം.സുഗതനാണ് അറസ്റ്റ് ചെയ്തത്. മദ്യദുരന്തത്തെത്തുടർന്നാണു സുനിൽദത്ത് ദുബായിലേക്കു കടന്നത്. അപ്പോൾ കഴക്കൂട്ടം റേഞ്ചിലെ അബ്കാരി കോൺട്രാക്ടറായിരുന്നു.

✱

## അമ്മയുടെ ചിതയണയും മുമ്പ് അച്ഛനും പോയി; അനാഥത്വത്തിന്റെ കനലുമായി മൂന്നു മക്കൾ

പനി കൊണ്ടുപോയ അമ്മയുടെയും കാൻസർ കവർന്ന അച്ഛന്റെയും ചിതകൾക്കു വിഷ്ണു തീ പകർന്നതു മണിക്കൂറുകളുടെ ഇടവേളയിൽ. ചിതയുടെ ചൂടാറുമ്പോൾ ഈ ഒൻപതു വയസ്സുകാരനും സഹോദരങ്ങളും അനാഥത്വത്തിന്റെ മരവിപ്പിലായിരുന്നു.

✱

## ഇന്ത്യ-യുഎസ് ആണവ ചർച്ച നീളുന്നു

ഇന്ത്യ-യുഎസ് സൈനികേതര ആണവക്കരാർ ഒപ്പുവയ്ക്കുന്നതിനു തടസ്സമായ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഇരു രാജ്യങ്ങളിലെയും ഉദ്യോഗസ്ഥർ കൂടിയാലോചന തുടരുന്നു. ചർച്ച മുഖ്യമായും ഒരു പ്രശ്നത്തിൽ തടഞ്ഞുനിൽക്കുകയാണ്. എങ്കിലും കരാറിന് ഇരുപക്ഷവും പ്രതിജ്ഞാബദ്ധമാണെന്നും അൽപസമയം കൂടി വേണ്ടി വന്നേക്കാമെന്നേയുള്ളുവെന്നു യുഎസ് വിദേശവകുപ്പ് വക്താവ് സീൻ മക്കോർമാക് ശുഭാപ്തി പ്രകടിപ്പിച്ചു.

✱

## വാഗമണിലെ കുടിയൊഴിപ്പിക്കൽ അളന്നുതിരിക്കലിൽ ഒതുങ്ങും

കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നിയോഗിക്കപ്പെട്ട വാഗമൺ ദൗത്യസംഘം കയ്യേറ്റ മാഫിയയ്ക്കെതിരെയും ഒത്താശ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെയും നടപടിയെടുക്കില്ല. റവന്യൂ വകുപ്പിന്റെ പൂർണ നിയന്ത്രണത്തിലുള്ള വാഗമൺ കുടിയൊഴിപ്പിക്കൽ ദൗത്യസംഘത്തിന്റെ പ്രവർത്തനം ഫലത്തിൽ ഭൂമി അളന്നുതിരിക്കലിൽ ഒതുങ്ങും. റവന്യൂ, സർവേ വകുപ്പുകളിലെ

ഉദ്യോഗസ്ഥർ മാത്രം ഉൾക്കൊള്ളുന്ന സംഘത്തോടു കയ്യേറ്റം അളന്നു തിട്ടപ്പെടുത്തി സർക്കാർ ബോർഡ് വയ്ക്കാൻ മാത്രമാണ് നിർദേശം.

## ഏജന്റുമാർ മുഖേന വാങ്ങിയ അന്യ സംസ്ഥാന വാഹനങ്ങൾ ഏറെയും മോഷ്ടിച്ചവയെന്ന്

തിരൂർ ഏജന്റുമാർ മുഖേന വാങ്ങിയ അന്യസംസ്ഥാന രജിസ്ട്രേഷൻ പുതുക്കിയതുമായ വാഹനങ്ങളേറെയും മോഷ്ടിച്ചു കടത്തിയവയാകാൻ സാധ്യതയുള്ളതായി പോലീസ് അറിയിച്ചു. കഴിഞ്ഞ ദിവസം പിടിയിലായ, മുംബൈയിൽനിന്നു വാഹനങ്ങൾ കേരളത്തിലെത്തിച്ചു വിൽപന നടത്തുന്ന സംഘത്തിൽ നിന്നു ലഭിച്ച സൂചനയുടെ അടിസ്ഥാനത്തിലാണ് പോലീസിന്റെ വിശദീകരണം.

## കുടുംബക്ഷേമ ക്യാംപുകൾ ഇന്നുമുതൽ

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ ഇന്നു മുതൽ ജില്ലയിലെ വിവിധ ആശുപത്രികളിൽ സ്ത്രീകൾക്കായി പ്രത്യേക കുടുംബാസൂത്രണ ക്യാംപുകൾ സംഘടിപ്പിക്കും. ഇന്ന് കന്യാകുളങ്ങര കമ്യൂണിറ്റി ഹെൽത്ത് സെന്ററിനു വേണ്ടി പേരൂർക്കട ഗവ.ആശുപത്രിയിലും പുല്ലുവിള പ്രാഥമികാരോഗ്യകേന്ദ്രത്തിനു വേണ്ടി നെയ്യാറ്റിൻകര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലുമാണ് ക്യാംപ്.

## പട്ടികക്ഷേമ വകുപ്പ് 40 കോടി രൂപ പാഴാക്കി

തിരുവനന്തപുരം പട്ടികജാതി, വർഗ വികസന വകുപ്പ് കഴിഞ്ഞ വർഷം 40 കോടി രൂപ ചെലവഴിക്കാതെ സർക്കാരിലേക്കു മടക്കി നൽകി. പട്ടികജാതി വകുപ്പ് 37.20 കോടിയും പട്ടിക വർഗ വകുപ്പ് 2.75 കോടിയുമാണ് 2006-07 ൽ ചെലവഴിക്കാതിരുന്നത്.

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 August**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2007

*Join us to worship God in Spirit and Truth*

*The*

**CHURCH OF CHRIST**

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378